

# പ്രിയദർശനം - കുമാരനാശാൻ

## mukulam malayalam Aplus capsule from: Suresh Areekode

## 1 Score 2 Score sure plus questions and answers

1. കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നപോൽ - അടിവരയിട്ട ശബ്ദം കാവ്യ സന്ദർഭത്തിൽ വരുത്തുന്ന ഭാവം എന്ത്?
   - ആശ്വാസം
2. കഷ്ടകാലമഖിലം കഴിഞ്ഞു ഹാ
ദിഷ്ടമീ വടിവിയന്നു വന്നപോൽ – അടിവരയിട്ട പദത്തിന്റെ അർത്ഥം എഴുതുക ?
   - ഭാഗ്യം
3. പണ്ടു നിന്നെയൊരിളംകുരുന്നതായ്
കണ്ടു ഞാൻ, സപദിവല്ലിയായി നീ - നളിനിയുടെ പ്രായത്തെക്കുറിച്ച് വരികളിലെ സൂചനയെന്ത്?
   - യൗവ്വനം
4. പൂരിതാഭ _ എന്ന പദത്തിന്റെ വിഗ്രഹാർത്ഥമേത്?
   - പൂരിതമായ ആഭ
5. താഴെ തന്നിരിക്കുന്നവയിൽ തദ്ധിതമല്ലാത്തത് ഏത്?
   - സൗമിത്രി.വൈരസേനി, **ശകുന്തള**

   *[തദ്ധിതം - നാമങ്ങളിൽ നിന്നോ ഭേദകങ്ങളിൽ നിന്നോ ഉണ്ടാകുന്ന മറ്റു നാമങ്ങൾക്ക് തദ്ധിതം എന്നു പറയുന്നു.(ഉദ: ഭീമന്റെ മകൾ - ഭൈമി, ക്ഷേമം - ക്ഷേമത്വം, കള്ളം - കള്ളത്തരം, ദശരഥന്റെ പുത്രൻ - ദാശരഥി)]*
6. പ്രാണനോടുമൊരുനാൾ ഭവൽ പദം
കാണുവാൻ ചിരമഹോ! കൊതിച്ച ഞാൻ
കേണുവാണിവിടെ; യേകമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ - 'അർഥി' എന്ന വാക്ക് സന്ദർഭത്തിൽ ആരെക്കുറിക്കുന്നു.?
   - നളിനിയെ
7. "ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും"- ഇവിടെ പ്രകടമാകുന്ന നളിനിയുടെ വ്യക്തിത്വസവിശേഷത എന്ത്?
   - നിസ്വാർഥമായ പ്രേമം

8. "ഭാവശാലികൾ പിരിഞ്ഞു കൂടിയാ-

ലീവിധം വികലമാം സുഖോദയം" -'സുഖോദയം വികലമായതെങ്ങനെ'?

- സ്നേഹമുള്ളവർ പിരിഞ്ഞ ശേഷം വീണ്ടും കണ്ടുമുട്ടിയതിനാൽ.

  *[ഏറെക്കാലം വേർപിരിഞ്ഞതിലുള്ള ദു:ഖവും അപ്രതീക്ഷിതമായി കണ്ടുമുട്ടിയതിലുള്ള സന്തോഷവുമാണ് സുഖോദയം വികലമാവാൻ കാരണം. സുഖദു:ഖ സമ്മിശ്രമായ നളിനിയുടെ മാനസികാവസ്ഥയാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്.]*

9. "ധീരനായ യതി നോക്കി തന്വിതൻ

ഭൂരിബാഷ്പ പരിപാടലം മുഖം

പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ

ധാരയാർന്ന പനിനീർസുമോപമം" - നളിനിയുടെ മുഖത്തെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?

- പ്രഭാതത്തിൽ മഞ്ഞുകണങ്ങൾ പറ്റിയ പനിനീർ പൂവിനോട്

10. "ചാരുശൈശവകഥക്കതന്നെചേർ-

ന്നൊരുവാക്കരുളിനാൻ കനിഞ്ഞവൻ " - അടിവരയിട്ട പദത്തിന്റെ വിഗ്രഹാർത്ഥം കുറിക്കുക.?

- ചാരുവായ ശൈശവകഥ

11. "കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ

ത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ " - അടിവരയിട്ട അക്ഷരങ്ങളുമായി ബന്ധപ്പെട്ട കാവ്യപരമായ സവിശേഷത എഴുതുക?

- അനുപ്രാസം . **[(*"അനുപ്രാസം വ്യഞ്ജനത്തെ, ആവർത്തിയ്ക്കുകിൽ ഇടയ്ക്കിടെ."*)**
- **വ്യഞ്ജനാക്ഷരങ്ങൾ ഇടയ്ക്ക് ആവർത്തിച്ച് വരുന്നതാണ് അനുപ്രാസം]**

12. പണ്ടുനിന്നെയൊരിളം കുരുന്നതായ്

കണ്ടു ഞാൻ,സപദി വല്ലിയായി നീ - അടിവരയിട്ട പദത്തിന്റെ അർത്ഥം താഴെ പറയുന്നവയിൽ ഏത്?

- വള്ളി, **ഇപ്പോൾ,** പതിയോടു കൂടി

13. പ്രണയചാപലം - വിഗ്രഹാർത്ഥം ഏത്?

- പ്രണയത്താലുള്ള ചാപലം

14. "നീ തുനിഞ്ഞു - നിജകർമ്മനീതരായ്

യേതുമാർഗമിയലാ ശരീരികൾ! "- അർത്ഥം വ്യക്തമാക്കുക?

- ഏതോ കാര്യത്തിനു വേണ്ടി നീ തുനിഞ്ഞിറങ്ങി. സ്വന്തം കർമ്മം പൂർത്തിയാക്കുന്നതിന് വേണ്ടി മനുഷ്യൻ ഏതു രീതിയിലുള്ള മാർഗവും സ്വീകരിക്കാറുണ്ട്.

15. "കേണവാണിവിടെയേകമർഥിയാം

പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ "- വരികളിൽ പ്രകടമാവുന്ന ഭാവം?

- **പ്രതീക്ഷ**, നിരാശ, അദ്ഭുതം

16. "അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ "- വരികളിലെ സന്ദേശം എന്ത്?

- വിവേകികളായ ആളുകൾ സ്വന്തം ജീവിതം മറ്റുള്ളവർക്ക് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിച്ച് കൃതകൃത്യരാകും.

17. "ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ മഹാമതേ" - നളിനിയുടെ ഈ പരിചയപ്പെടുത്തലിന്റെ ഔചിത്യമെന്ത്?

- ദിവാകരൻ തന്നെ തിരിച്ചറിഞ്ഞില്ലെന്ന് നളിനി മനസ്സിലാക്കിയതിനാൽ.

18. ദിഷ്ടമീവടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ! - അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം കുറിക്കുക.?

- ദിഷ്ടം- ഭാഗ്യം,
- ദൃഷ്ടം - കാണപ്പെട്ട

19. "സന്യസിച്ചുളവുമാസ്ഥയാൽ ഭവാൻ
തന്നെയോർത്തിഹ തപസ്സിൽ വാണ ഞാൻ
ധന്യയായ് സപദി കാൺകമൂലമ
ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും"
- ഇവിടെ നളിനി താൻ ധന്യയായ് എന്ന് പറയുന്നതിന്റെ പൊരുൾ എന്ത്?

- അപ്രതീക്ഷിതമായി ദിവാകരനെ കാണാൻ കഴിഞ്ഞത്.

20. പോയതൊക്കെയഥമാ നമുക്കയെ
പ്രായവും സപദി മാറി കാര്യവും
ആയതത്വമറിവിന്നു മാർന്നു,-പോ
ട്ടായതെന്തിവിടെ വാണിടുന്നു നീ ?- അടിവരയിട്ട ഭാഗത്തിന്റെ അർത്ഥസൂചന എന്ത്?

- വേണ്ടത്ര അറിവും പക്വതയും വന്നു.

21. കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ! ഭവാനു പ-
ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ!_ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തിക്കുറിക്കുക '

ആദിപ്രാസം, ദ്വിതീയാക്ഷര പ്രാസം, ശബ്ദഭംഗി(കഷ്ട,ദിഷ്ട,ദൃഷ്ട,ഇഷ്ട),താളഭംഗി.

22. 'ഒരു സ്നേഹം' എന്നുകൂടി പേരുള്ള മഹാകവി കുമാരനാശാന്റെ കൃതിയേത്?

- നളിനി

23. മലയാള കവിതയിൽ സ്ത്രീ പുരുഷ ബന്ധത്തിന്റെ പുതിയ മാനങ്ങൾ സൃഷ്ടിച്ച മഹത്തായ ഖണ്ഡകാവ്യമെന്നറിയപ്പെടുന്ന കൃതി ഏത്?

- നളിനി

24. അവനവനാത്മസുഖത്തിനാചരിക്കുന്നവ

യപരന്നു സുഖത്തിനായി വരേണം. _ ***ശ്രീനാരായണഗുരു.*** വരികളിലെ ജീവിതവീക്ഷണമെന്ത്?

- സ്വന്തം സുഖത്തിന് വേണ്ടി ചെയ്യുന്നത് മറ്റുള്ളവർക്കു കൂടി സുഖത്തിന് കാരണമാകണം.[സ്വാർത്ഥ ചിന്തയില്ലാതെ മറ്റുള്ളവരെ കൂടി മുന്നിൽക്കണ്ട് ജീവിക്കുക.]

25. ***കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!***
ദിഷ്ടമീ വടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ! ഭവാനു പ-
ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ!

*കഷ്ടകാലമഖിലം കഴിഞ്ഞു* എന്നു പറയുന്നതിന്റെ ഔചിത്യം വ്യക്തമാക്കുക.?

- ദിവാകരനെ പ്രതീക്ഷിച്ച് കഴിയുന്ന നളിനി,വർഷങ്ങൾക്ക് ശേഷം ഹിമാലയത്തിൽ വെച്ച് സന്യാസിയായി കഴിയുന്ന ദിവാകരനെ കണ്ടുമുട്ടുന്നതിനാൽ ആശ്വസിക്കുന്നു.

**PREPARED BY:**
**SURESH AREEKODE,MALAPPURAM .PH:9562521509**
**VISIT MY *youtube:mukulam malayalam* for video lessons and detailed PDF notes. Email:sbtckr@gmail.com**